**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5773** **08-07-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ മുൻഗണനാ കാർഡുകളുടെ സറണ്ടർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. ആന്റണി ജോൺ,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കിയ റേഷൻ മുൻഗണനാ കാർഡുകളുടെ സറണ്ടർ പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. മുൻഗണനാ വിഭാഗത്തിലെ അനർഹരെ പൂർണ്ണമായും ഒഴിവാക്കുന്നതിനും അവരുടെ സ്വയം ഒഴിവാകൽ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി അനർഹമായി കൈവശം വച്ചിട്ടുള്ള മുൻഗണനാ റേഷൻ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് 16.06.2021 മുതൽ 15.07.2021 വരെ സമയം അനുവദിച്ചിരുന്നു. തുടർന്ന് 2021 ജൂലൈ 16 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ സ്വമേധയ സറണ്ടർ ചെയ്യുന്നവരിൽ നിന്നും പിഴ ഈടാക്കേണ്ടതില്ലെന്നും എന്നാൽ പരിശോധനയിലൂടെ അനർഹരായി കണ്ടെത്തുന്നവരിൽ നിന്നും പിഴ ഈടാക്കാനും നിർദ്ദേശം നൽകിയിരുന്നു. ഇക്കാലയളവിന് ശേഷം അനർഹമായ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്തവരിൽ നിന്നു കൂടി കെ.ടി.പി.ഡി.എസ് (കൺട്രോൾ ഓർഡർ), 2021 ന്റെ ഖണ്ഡിക 11 അനുശാസിക്കും പ്രകാരം ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ കമ്പോളവില ഈടാക്കി നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതുപ്രകാരമുള്ള നടപടികൾ നിലവിലും തുടർന്ന് വരുന്നുണ്ട്. അനർഹമായ മുൻഗണനാ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യുവാൻ അഭ്യർത്ഥിച്ചുകൊണ്ടുള്ള നോട്ടീസ് എല്ലാ റേഷൻ ഡിപ്പോകളിലും പ്രദർശിപ്പിക്കുകയും അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനും അപ്രകാരമുള്ളവരുടെ വിവരങ്ങൾ അറിയിക്കുന്നതിനും മാധ്യമ പ്രചാരണം നടത്തി വരികയും ചെയ്യുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെയായി 27771 AAY കാർഡുകളും 137999 PHH കാർഡുകളും സ്വമേധയാ സറണ്ടർ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സറണ്ടർ ചെയ്ത മുൻഗണനാ കാർഡുകളടക്കം കൂടുതൽ മുൻഗണനാ കാർഡുകൾ അർഹതപ്പെട്ടവരിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ 201 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയയാണ്. മുൻഗണനാ വിഭാഗത്തിലെ സ്വമേധയാ സറണ്ടർ ചെയ്ത കാർഡുകൾക്ക് പുറമേ നേരിട്ടും ടെലിഫോൺ പരാതി സെല്ലിലൂടെയും ലഭിക്കുന്ന പരാതികളിൻമേൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാരും, റേഷനിംഗ് ഇൻസ്പെക്ടർമാരും ഫീൽഡ്തല പരിശോധന നടത്തി അനർഹമാണെന്നു കണ്ടെത്തുന്ന മുൻഗണനാ കാർഡുകളും പിഴ ഈടാക്കിക്കൊണ്ട് പൊതുവിഭാഗത്തിലേയ്ക്ക് മാറ്റ വരുന്നു.<br><br>ഇതര വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റ വിശകലനം ചെയ്തും ബയോമെട്രിക് ഓതന്റിക്കേഷൻ വഴിയും ഒരംഗം മാത്രമുള്ള കാർഡുകളും ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കിയും അനർഹരെ കണ്ടെത്തി പട്ടികയിൽ നിന്നും ഒഴിവാക്കി അർഹരായവർക്ക് അവസരമുറപ്പാക്കുന്ന നടപടികൾ തുടർന്ന് വരുന്നു.<br><br>മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേക്കായി OPERATION YELLOW എന്ന പേരിൽ ഒരു പരിശോധനാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം പൊതു ജനങ്ങൾക്ക് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേര് വിവരങ്ങൾ അറിയിക്കുവാൻ അവസരം നൽകിയിട്ടുണ്ട്. ആയതിലേക്ക് 1987, ടോൾ പ്ര (1800-425-1550), വാട്സ് ആപ്പ് (9188527301) നമ്പരുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.<br><br>തരം മാറ്റുന്നതിനായി ഓൺലൈൻ മുഖേന ലഭ്യമാകുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധനക്ക് വിധേയമാക്കിയും ആവശ്യമെങ്കിൽ ഫീൽഡ് പരിശോധന നടത്തിയും മുപ്പതോ അതിലധികമോ മാർക്ക് ലഭിക്കുന്നവരെ മാർക്കിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെടുത്തി മുൻഗണനാ പട്ടിക തയ്യാറാക്കുകയും ഓരോ താലൂക്കിനുമുള്ള ഒഴിവുകൾ അലോട്ട് ചെയ്യുന്ന മുറയ്ക്ക് റാങ്ക് ലിസ്റ്റിലെ സീനിയോറിറ്റി പ്രകാരം |

| | | | |
|---|---|---|---|
| | | | മുൻഗണനയിലേക്ക് തരം മാറ്റി നൽകുകയും ചെയ്യുന്നു. |
| (സി) | അരികുവൽകൃത സമൂഹങ്ങൾക്കായി മുൻഗണനാ കാർഡുകൾ വിതരണം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. അരികുവൽകൃത സമൂഹങ്ങളിലെ അർഹരായ എല്ലാപേർക്കും മുൻഗണനാ വിഭാഗം കാർഡുകൾ (AAY/PHH) അനുവദിച്ചിട്ടുണ്ട്. |
| (ഡി) | മുൻഗണനാ കാർഡുകൾ കൂടുതൽ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. 2011 ലെ സെൻസസിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾക്കുള്ള റേഷൻ മുൻഗണനാ അംഗങ്ങളുടെ പരിധി കേന്ദ്രം നിശ്ചയിച്ച് നൽകിയിട്ടുള്ളത്. ആയത് പ്രകാരം സംസ്ഥാനത്ത് മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്താൻ അനുവദിക്കപ്പെട്ട അംഗങ്ങളുടെ എണ്ണം 15480040 ആണ്. അതായത് NFSA 2013, പ്രകാരം ആകെ ജനസംഖ്യയുടെ 46.34% ആണ് മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നിലവിൽ സംസ്ഥാനത്തെ ജനസംഖ്യയും റേഷൻ കാർഡുകളുടെ എണ്ണവും വർദ്ധിച്ചിട്ടുള്ളതനുസരിച്ച് മുൻഗണനാപരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും അനുകൂല നടപടിയുണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ